(ഇ) എച്ച്.എം.ടി. ട്രാക്ടറിന്റെ കേരളത്തിലെ വ്യാപാരത്തിന്റെ കുത്തകാവകാശം സർക്കാർ ഉടമയിലുള്ള കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിക്ഷിപ്തമാണ്. മരാമത്ത് പണികൾക്ക് ടി സ്ഥാപനത്തെ അംഗീകൃത ഏജൻസിയായി അംഗീകരിച്ചിട്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്.†

132 (2288) വഴിവിളക്കുകൾ കത്തിക്കാൻ നടപടി

ശ്രീ. ആന്റണി രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിലെ വഞ്ചിയൂർ വാർഡിൽ കത്താത്ത വൈദ്യുതി വിളക്കുകൾ കത്തിക്കുന്നതിന് ആവശ്യമായ ഉപകരണ സാധനങ്ങൾ ബന്ധപ്പെട്ട വൈദ്യുതി ബോർഡ് സെക്ഷനുകളിൽ നിന്നും നഗരസഭയോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ; ഇത് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) വഞ്ചിയൂർ വാർഡിലെ പ്രധാനപ്പെട്ട കവലകളിലും റോഡുകളിലും സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിനുവേണ്ട ഉപകരണങ്ങൾ നഗരസഭ വൈദ്യുതബോർഡിന് ലഭ്യമാക്കുമോ;

(സി) ഓവർബ്രിഡ്ജ്-ഉപ്പിടാംമൂട് റോഡിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. ബന്ധപ്പെട്ട ഇലക്ട്രിക് സെക്ഷൻ ആവശ്യപ്പെടുന്ന മുറയ്ക്കു നഗരസഭയിലെ സാധനത്തിന്റെ ലഭ്യതയനുസരിച്ചും സാധനങ്ങൾ നൽകുന്നുണ്ട്.

(ബി) ലഭ്യമാക്കി വരുന്നുണ്ട്.

(സി) നഗരസഭ കൗൺസിലിന്റെ അംഗീകാരത്തിന് അനുസൃതമായി നടപടി സ്വീകരിക്കുന്നുണ്ട്.

133 (2289) കൊല്ലം, തൃശ്ശൂർ കോർപ്പറേഷനുകളുടെ വികസനം

ശ്രീമതി ജെ മേഴ്സിക്കുട്ടി അമ്മ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം, തൃശ്ശൂർ കോർപ്പറേഷനുകളുടെ വികസനത്തിനായുള്ള വികസന അതോറിറ്റികളുടെ രൂപീകരണം ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ;

---

† അനുബന്ധം XX

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊല്ലം, തൃശ്ശൂർ മുനിസിപ്പാലിറ്റികളോട് സമീപ പഞ്ചായത്തുകൾ കൂട്ടി യോജിപ്പിച്ച് കോർപ്പറേഷനുകളാകുമ്പോൾ നിലവിലുള്ള ജീവിത സാഹചര്യത്തിൽ ബുദ്ധിമുട്ടുണ്ടാകുമെന്ന ജനങ്ങളുടെ ആശങ്ക ഒഴിവാക്കാൻ എന്തെങ്കിലും മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കോർപ്പറേഷനുകളിലെ കുടിവെള്ളപ്രശ്നം, യാത്രാസൗകര്യം, നഗരശുചീകരണം, അടിസ്ഥാന സൗകര്യ വികസനം എന്നിവ മുൻനിർത്തി എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശം ഉണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കൊല്ലം, തൃശ്ശൂർ, മുനിസിപ്പാലിറ്റികളുടെ വികസന അതോറിറ്റികൾക്ക് രൂപം നൽകുന്ന നടപടി ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) ഈ രണ്ടു നഗരങ്ങളുടേയും പ്രാന്തപ്രദേശങ്ങളുടേയും വികസനത്തിനായുള്ള വികസന അതോറിറ്റികൾ നേരത്തെ തന്നെ നിലവിലുണ്ട്.

(ബി) നഗരസ്വഭാവം കൈവരിച്ച പഞ്ചായത്തുകൾ കൂട്ടിചേർത്താണ് കൊല്ലം, തൃശ്ശൂർ മുനിസിപ്പാലിറ്റികൾ കോർപ്പറേഷനുകളാക്കാൻ വിജ്ഞാപനം പുറപ്പെടുവിച്ചത് ഇതുമൂലം ജീവിത സാഹചര്യങ്ങളിൽ ബുദ്ധിമുട്ടുണ്ടാകുമെന്ന ആശങ്ക അസ്ഥാനത്താണ്.

(സി) കുടിവെള്ളം, യാത്രാസൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ ബന്ധപ്പെട്ട നഗരസഭകളും, വികസന അതോറിറ്റികളും ഏറ്റെടുത്തിട്ടുള്ള വിവിധ വികസന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കേണ്ടതുണ്ട്. നഗര ശുചീകരണം മുൻനിർത്തി തൃശ്ശൂർ, കൊല്ലം നഗരസഭകൾ ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനത്തിന് പദ്ധതികൾ ആവിഷ്കരിച്ചു കഴിഞ്ഞു. പുതിയ സംവിധാനം 1-10-2000-ൽ നിലവിൽ വരുന്നതോടെ ഭരണപരമായി വരുത്തേണ്ട ക്രമീകരണങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്.

(ഡി) നിലവിലുള്ള വികസന അതോറിറ്റികൾ പുന : സംഘടിപ്പിക്കുന്നതിന് നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്.

134 (2290) തിരുവനന്തപുരം കോർപ്പറേഷൻ മെട്രോ നഗരമാക്കുന്നതിന് നടപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷൻ മെട്രോ നഗരമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly